**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2058** **30-07-2021 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri K. Radhakrishnan (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | അംബേദ്കർ ഗ്രാമം പദ്ധതിയിൽ ബേഡഡുക്ക പഞ്ചായത്തിലെ ചെമ്പക്കാട് എസ്.ടി. കോളനിക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; | (എ) | ചെമ്പക്കാട് പട്ടികവർഗ കോളനി 2020-21 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കോളനിയിൽ പ്രത്യേക ഊരുകൂട്ടം വിളിച്ച് ചേർക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്ക് തുക അനുവദിച്ചിട്ടില്ല. |
| (ബി) | ഈ കോളനിയിൽ വീടില്ലാത്ത എത്ര കുടുംബങ്ങൾ ഉണ്ടെന്നും ഇവർക്കെല്ലാം ലൈഫ് മിഷൻ പദ്ധതിയിൽ വീടിന് അനുമതി ലഭിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ; | (ബി) | വീടില്ലാത്ത 36 കുടുംബങ്ങൾ ഉണ്ട്. അതിൽ 23 കുടുംബങ്ങൾക്ക് ലൈഫ് മിഷൻ മുഖേന വീടിന് അനുമതി നൽകിയിട്ടുണ്ട്. |
| (സി) | ഈ കോളനിയിൽ ഇനി എത്ര കുടുംബങ്ങൾക്ക് വീട് വേണം എന്നുള്ളതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | 13 കുടുംബങ്ങൾക്ക് വീട് ആവശ്യമുണ്ട്. |
| (ഡി) | അംബേദ്കർ ഗ്രാമം പദ്ധതിയിൽ അനുവദിച്ച തുകയിൽ നിന്ന് ഈ കോളനിയിൽ വീടില്ലാത്തവർക്ക് വീട് നൽകുന്നതിന് തടസ്സമുണ്ടോ; | (ഡി) | തടസ്സമില്ല. |
| (ഇ) | പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി കോളനിയിൽ വിളിച്ചു ചേർത്ത യോഗത്തിൽ ഭൂരിഭാഗം നിവാസികളും താമസസൗകര്യമുള്ള വീടാണ് വേണ്ടതെന്ന ആവശ്യം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ തുക പൂർണ്ണമായും വീട് നൽകുന്നതിനുവേണ്ടി ഉപയോഗിക്കാൻ അനുമതി നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഇ) | ഊരുകൂട്ടത്തിന്റെ നിർദ്ദേശങ്ങൾ മുൻഗണനാക്രമത്തിൽ നിശ്ചയിച്ച് വീട് ഉൾപ്പെടെയുള്ള കോളനിയിലെ അടിസ്ഥാന സൗകര്യ വികസനമാണ് പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ